# Shiphrah (ശിപ്രാ) and Puah(പൂവാ)



യോസഫിന്റെ കാലശേഷം മിസ്രേമിലുള്ള യിസ്രായേൽ മക്കളുടെ കഷ്ടകാലം ആരംഭിച്ചു . സന്താന സമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ട യിസ്രായേല്യരെ, പുതിയ രാജാവും മിസ്രേമ്യരും ഭയപ്പെട്ടു. ആടുമാടുകളെ തീറ്റി ജീവിച്ചവരെക്കൊണ്ട് മിസ്രേമ്യർ അടിമപ്പണി ചെയ്യിക്കുവാൻ തുടങ്ങി. ചുടുകട്ടകൾ ഉണ്ടാക്കുക എന്ന ക്രൂരമായ നിർദ്ദേശം അവർക്ക് നൽകി. പാണ്ടികശാലകളുടേയും, സംരക്ഷണഭിത്തികളുടേയും നിർമ്മാണത്തിന് ഈ ചുടുകട്ടകൾ ആവശ്യമായിരുന്നു.ഇപ്രകാരം സകല പ്രയത്നത്താലും ദൈവജനത്തിന്റെ ജീവിതം അവർ കൈപ്പാക്കി.എന്നാൽ അവർ പീഢിപ്പിക്കുന്തോറും ജനം പെരുകി വർദ്ധിച്ചു

(പുറ:1:12)ദൈവം വിളിച്ച ജനത്തിന്റെ കഷ്ടത എത്രനാൾ എന്ന് ദൈവ മാണ് നിശ്ചയിക്കുന്നത് എന്ന് ഫറവോനും കൂട്ടരും അറിഞ്ഞില്ല. ജനസം ഖ്യാവർദ്ധനവ് തടയുവാനായി പ്രസവസമയത്തുതന്നെ ആൺകുട്ടികളെ കൊല്ലുക എന്ന നിർദ്ദേശവുമായി രാജാവ് രണ്ട് സൂതികർമ്മിണികളെ എബ്രായ സ്ത്രീകളുടെ അടുക്കലേക്കയച്ചു. അവരാണ് ശിപ്രായും(brightness) ,പൂവായും(splendid)

ശിപ്രായും ,പൂവായും എബ്രായ സൂതികർമ്മിണികളാണോ,അതോ സൂതകർമ്മത്തിനായി മാത്രം എബ്രായ സ്തീകളുടെ അടുക്കൽ ചെന്ന താണോ എന്ന ഒരു സംശയം നിലവിലുണ്ട്. എന്നാൽ ഒരു കാര്യം വ്യക്ത മാണ് ഇവർ രണ്ടുകൂട്ടരുടേയും അടുത്ത് സൂതികർമ്മത്തിന് പോയി രുന്നു എന്ന്.അതുകൊണ്ടാണ് ഫറവോനോട് അവർ പറഞ്ഞത് , എബ്രായ സ്ത്രീകൾ മിസ്രേമ്യ സ്ത്രീകളെപ്പോലെയല്ല അവർ നല്ല തിറമു ള്ളവർ (Vigorous),സൂതികർമ്മത്തിന് ചെല്ലും മുമ്പ് അവർ പ്രസവിച്ചുക ഴിയും എന്ന് ഫറവോൻ വിശ്വസിക്കുന്ന രീതിയിൽ കാര്യം അവതരിപ്പിക്കു വാൻ ദൈവം ആണ് അവർക്ക് ധൈര്യം നൽകിയത്.

പ്രസവശയ്യയിൽ വച്ചു തന്നെ കുഞ്ഞുങ്ങളെ കൊല്ലുന്നത് സൂതി കർമ്മത്തിന് ചെല്ലുന്നവർക്ക് നിഷ്പ്രയാസം ചെയ്യാവുന്നതാണ്. പ്രസവ വേദന അനുഭവിക്കുന്ന അമ്മപോലും അറിയുകയില്ലെങ്കിലും ദൈവം എല്ലാം അറിയുന്നുണ്ടെന്ന് സൂതികർമ്മിണികൾ ഭയപ്പെട്ടിരുന്നു, കാരണം മനപൂർവ്വമായ നരഹത്യ പാപമാണെന്നും , മനുഷ്യനെ കൊല്ലുന്നവൻ മര ണശിക്ഷ അനുഭവിക്കേണമെന്നും വചനം വ്യക്തമാക്കുന്നു.(ലേവ്യ:24:17)

രക്തപാതകഭാരം ചുമക്കുന്നവൻ കുഴിയിലേക്ക് ബദ്ധപ്പെടും എന്ന് സദൃ(28:17) ൽ കാണുന്നു.

രാജകല്പന അനുസരിച്ചാൽ അനവധി ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുമായിരുന്നു. എന്നാൽദൈവത്തെ ഭയപ്പെടുന്ന സൂതികർമ്മിണികൾ ലൗകീകസമ്മാനങ്ങളെ ചപ്പും ചവറുമെന്ന് എണ്ണി ദൈവത്തെ അനുസരിക്കുവാൻ തീരുമാനിച്ചു. രാജകല്പന തിരസ്ക്കരിച്ചാലുള്ള ഭവിഷ്യത്ത് ഭയകരമായിരിക്കുമെന്ന് അവർക്കറിയാമായിരുന്നു, എന്നിട്ടും ദൈവത്തിലാശ്രയിച്ച ഈ സ്ത്രീകൾ ധൈര്യമായി ആൺകുഞ്ഞുങ്ങളെ രക്ഷിച്ചു. ആ കൂട്ടത്തിൽ രക്ഷപെട്ട മോശയാണ് ഈ ഗ്രന്ഥത്തിന്റെ എഴുത്തുകാരൻ. ശിപ്രായുടേയും , പൂവായുടേയും പേരുകൾ പുറപ്പാടു പുസ്തകത്തിൽ ചേർത്തത് തന്റെ ജീവനെ രക്ഷിച്ചതിന്റെ നന്ദിസൂചകമായിട്ടു മാത്രമല്ല, ഈ സ്ത്രീകളുടെ ധൈര്യം കാണിക്കുവാൻ കൂടിയാണ്. ചില വേദപണ്ഡിതരുടെ അഭിപ്രായത്തിൽ സൂതികർമ്മിണികൾ മച്ചികൾ(barren women) ആയിരുന്നു എന്ന് പറയുന്നു. ദൈവത്തെ അനുസരിച്ചതിനാൽ ദൈവം അവർക്ക് കുടുംബ വർദ്ധന നൽകി മാനിച്ചു.

God gave them ‘houses and prosperity’ as a reward for their faithfulness.

ദൈവവചനത്തെ വളച്ചൊടിച്ച് സുവിശേഷ വേല ആദായമാർഗ്ഗമാക്കുന്നവർ ഈ സ്ത്രീകളെ മാതൃകയാക്കുന്നത് നന്നായിരിക്കും . “ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്” എന്ന് (1ശമു:15:22)ൽ കാണുന്നു. ലോക

ത്തിന്റെ സന്തോഷവും സ്ഥാനമാനങ്ങളും നേടി എടുക്കുവാൻ ദൈവത്തെയും, ദൈവവചനത്തെയും ഉപേക്ഷിച്ചാൽ അവൻ നിങ്ങളെ എന്നേക്കും ഉപേക്ഷിക്കും എന്ന് മറക്കരുത്, അനുസരിക്കുന്നവരായാൽ നാം അവന്റെ പ്രത്യേക സമ്പത്തായിരിക്കും. നമുക്കവനെ അനുസരിക്കുന്നവരാകാം, അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind